തിരുവല്ലാ രൂപത

# മതബോധന മണ്ഡലം

## നിബന്ധനകളും നിർദ്ദേശങ്ങളും

T. P. C. C.

T. P. C. C. Publications No. 3.

malankaralibrary.com

MALANKARA
LIBRARY

malankaralibrary.com

# അറിയിപ്പ്

പ്രിയ ബഹുമാനപ്പെട്ട അച്ചാ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകരേ, സ്നേഹിതരെ,

നമ്മുടെ മതബോധന രംഗം എല്ലാ ഇടവകകളിലുംതന്നെ സാമാന്യം മെച്ചപ്പെട്ട രീതിയിലും ക്രമമായും നടക്കുന്നു എന്നറിയുന്നതിൽ സന്തോഷമുണ്ട്. മതബോധന രംഗത്തെ സുഗമമായ നടത്തിപ്പിനുവേണ്ടി ഇന്ന് പല നിയമങ്ങളും നിലവിലുണ്ടെങ്കിലും അവ ലിഖിതരൂപത്തിൽ ലഭ്യമായിരുന്നില്ല. ആ കുറവ് നികത്തുന്നതിനുവേണ്ടി രണ്ടുവർഷം മുമ്പ്, തിരുവല്ലാരൂപതയിലെ മതബോധന ജനറൽബോഡി കൂടി ഒരു നിയമാവലിക്ക് രൂപം കൊടുത്തു. ആ നിയമാവലി പ്രസിദ്ധീകൃതമാകാതിരുന്നത് രൂപതാദ്ധ്യക്ഷൻെറ അസാന്നിദ്ധ്യമായിരുന്നു. എന്നാൽ ഇന്ന്, തിരുവല്ലാ രൂപത രണ്ടായി വിഭജിച്ചതിൻെറ വെളിച്ചത്തിൽ നിയമാവലിയിൽ അല്പം ചില ഭേദഗതികൾ വരുത്തിക്കൊണ്ട് ശ്രേഷ്ഠാനുമതിയോടുകൂടി നിങ്ങളുടെ പഠനത്തിനും ക്രിയാത്മകമായ നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു. ഈ നിയമാവലിയുടെ ഉദ്ദേശ്യം ആരെയും വളച്ചുകെട്ടുകയോ നിരുത്സാഹപ്പെടുത്തുകയോ അല്ല പ്രത്യുത, മതബോധനരംഗത്ത് കൂടുതൽ കാര്യക്ഷമമാ

malankaralibrary.com

യും ഉണർവും പ്രോത്സാഹനവും ഉണ്ടാകുക എന്നതാണ്. രണ്ടുമൂന്നു വർഷത്തെ ഉപയോഗത്തിനു ശേഷം നിങ്ങളുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് ഭേദഗതി ആവശ്യമെങ്കിൽ വരുത്തി നിയമാവലിക്ക് അന്തിമരൂപം നൽകുന്നതാണ്. അതുകൊണ്ട് നിങ്ങളുടെ എല്ലാവരുടെയും വിലയേറിയ നിർദ്ദേശങ്ങൾ എപ്പോഴും സ്വാഗതാർഹവും അഭിനന്ദനീയവും തന്നെ. നിങ്ങളുടെ നിർദ്ദേശങ്ങൾ രൂപതാ മതബോധന കേന്ദ്രത്തിൽ യഥാസമയം അറിയിക്കുമെന്ന് താല്പര്യപ്പെടുന്നു.

എന്ന്,

ശാന്തിനിലയം, | മതബോധന ഡിറക്ടർ
തിരുവല്ല, | ഫാ. മാത്യു പഞ്ഞിക്കാട്ടിൽ
22-2-79. | ശാന്തിനിലയം, തിരുവല്ല.

# തിരുവല്ലാ രൂപത

# മതബോധന മണ്ഡലം

## നിബന്ധനകളും നിർദ്ദേശങ്ങളും

### വിഷയവിവരം


I ആമുഖം

II രക്ഷാധികാരി

III അദ്ധ്യേതാക്കൾ— കുട്ടികൾ, മുതിർന്നവർ

IV അദ്ധ്യാപകർ

V അദ്ധ്യയനം

VI ററാജർ

VII ക്ളാസ്സുകൾ

VIII സമയവും പീരിയഡുകളും

IX സിലബസ്സും പാഠപുസ്തകങ്ങളും

X പരീക്ഷ

a) ഇടവകതലത്തിൽ

b) ഡിസ്ട്രിക്ട്തലത്തിൽ


malankaralibrary.com

c) രൂപതാ തലത്തിൽ - Scrutiny ഓഫീസർ സമ്മാനങ്ങളും സമ്മാനവിവരങ്ങളും

XI സണ്ടേസ്കൂൾ വാർഷികാഘോഷദിനം

XII സണ്ടേസ്കൂൾ ദിനം

XIII സണ്ടേസ്കൂൾ സമാജങ്ങൾ
കലാസമിതികൾ— കായികവിനോദങ്ങൾ

XIV സണ്ടേസ്കൂൾ ലൈബ്രറി

XV സണ്ടേസ്കൂൾ ഫണ്ട്— രൂപത, ഡിസ്ട്രിക്ട്, ഇടവകതലങ്ങളിൽ

XVI ഭരണക്രമം—രക്ഷാധികാരി, ഡിറക്ടർ, സെക്രട്ടറി, സണ്ടേസ്കൂൾ രൂപതാകമ്മിററികൾ — General committe, Executive committee, ഡി. കമ്മിററികൾ, General Body, District Executive committee, ഇടവകസമിതി, സണ്ടേസ്കൂൾ ഇൻസ്പെക്ടർമാർ.

XVII ഭേദഗതികൾ

malankaralibrary.com

# തിരുവല്ലാ രൂപത

# മതബോധന മണ്ഡലം

## നിബന്ധനകളും നിർദ്ദേശങ്ങളും

## I ആമുഖം

1. തിരുവല്ലാ രൂപതയിലെ എല്ലാ ഇടവകകളിലും മിഷ്യനുകളിലും ബോർഡിങ്ങുകളിലും ഇതര സ്ഥാപനങ്ങളിലും ബ. വികാരിമാരുടെയും ബന്ധപ്പെട്ട അധികാരികളുടെയും മേൽനോട്ടത്തിൽ കുട്ടികൾക്ക് മതബോധനം നൽകേണ്ടതാണ്.

2. മതബോധനം അതതു സ്ഥാപനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥന്റെ നാമത്തിൽ ആയിരിക്കുന്നത് ഉചിതമായിരിക്കും.

3. രൂപതയിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സന്മാർഗ്ഗ പാഠങ്ങൾ (Moral Science) പഠിപ്പിക്കേണ്ടതാണ്. കത്തോലിക്കാ വിദ്യാർത്ഥികൾക്ക് മതബോധന ക്ളാസ്സുകൾ നടത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

4. സ്ഥലത്തെ ബ. വികാരിയുടെ നേതൃത്വം നമ്മുടെ വിദ്യാലയങ്ങൾക്കും തദ്വാരാ ഈ രംഗത്തും അഭിലഷണീയമാണ്.

malankaralibrary.com

5 ഇതര വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കത്തോലിക്കാ വിദ്യാർത്ഥികളുടെ മതബോധനം നടക്കുന്നതിന് K C S L, AICUF മുതലായ പ്രസ്ഥാനങ്ങൾ വികാരിമാരുടെ സഹകരണത്തോടുകൂടി ശ്രദ്ധിക്കേണ്ടതാണ്.

6 രൂപതയിൽ, എല്ലാ പ്രായത്തിലും ജീവിതാന്തസ്സിലും ഉള്ളവർക്ക് മതബോധനം ലഭ്യമാക്കുവാൻ കഴിവതും പരിശ്രമിക്കേണ്ടതാണ്.

## II രക്ഷാധികാരി

7 തിരുവല്ലാ രൂപതാ മതബോധന മണ്ഡലത്തിൻെറ രക്ഷാധികാരി രൂപതാദ്ധ്യക്ഷൻ ആയിരിക്കും.

## III അദ്ധ്യേതാക്കൾ

### A കുട്ടികൾ

#### പ്രവേശനം

8 രക്ഷകർത്താക്കൾ തങ്ങളുടെ കുഞ്ഞുങ്ങൾ വിദ്യ അഭ്യസിക്കാൻ പ്രായമായാലുടൻതന്നെ (അഞ്ചു വയസ്സ്) സണ്ടേസ്കൂളിൽ ചേർക്കേണ്ടതാണ്.

9 സണ്ടേസ്കൂളിൽ ചേരുന്ന എല്ലാ കുട്ടികളെയും സംബന്ധിച്ചുള്ള വിവരങ്ങൾ അഡ്മിഷൻ രജിസ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.

malankaralibrary.com

10 അപേക്ഷാഫാറം, അഡ്മിഷൻ രജിസ്ററർ, ഹാജർബുക്ക് മുതലായ സണ്ടേസ്കൂൾ റിക്കാർഡുകൾ തിരുവല്ലാ പാസ്ററൽ ആൻഡ് കാററകെററിക്കൽ സെൻററി (TPCC) ൻെറ അംഗീകാരമുള്ളതായിരിക്കണം.

11 മതപഠനം ഒന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് ഉണ്ടായിരിക്കും.

12 ഓരോ ക്ലാസ്സിലും പഠിക്കുവാൻ ക്ലിപ്തപ്പെടുത്തിയിട്ടുള്ളതും അനുയോജ്യവുമായ പ്രായമുള്ളവരെയാണ് അതതു ക്ലാസ്സുകളിൽ ഇരുത്തേണ്ടത്. (പുതിയ മിഷൻ കേന്ദ്രങ്ങളിലുംസഭയിലേയ്ക്ക്നവാഗതരായിട്ടുള്ളമുതിർന്ന കുട്ടികളെയും ഉൾപ്പെടുത്തി താഴ്ന്ന ക്ലാസ്സുകളിൽ മതബോധനം നടത്തേണ്ടി വന്നാൽ തന്നെയും അങ്ങനെയുള്ള കുട്ടികളുടെ പരീക്ഷാക്കടലാസ്സുകൾ രൂപതാ മതബോധനകേന്ദ്രത്തിൽ സമ്മാനാർഹമായി പരിഗണിക്കുന്നതല്ല. ഇടവകതലത്തിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യാവുന്നതാണ്)

13 ഇടവകയിലെ എല്ലാ വിദ്യാർത്ഥികളും ചുരുങ്ങിയത് ഏഴു ക്ലാസ്സുവരെയെങ്കിലും നിർബന്ധമായി പഠിച്ചു പാസ്സായി സർട്ടിഫിക്കററുകൾ കരസ്ഥമാക്കേണ്ടതാണ്.

14 വിവാഹം, വിവാഹ സഹായം, വിദ്യാഭ്യാസ സഹായം, രൂപതാ സ്ഥാപനങ്ങളിൽ ഏതെങ്കിലും ജോലി, സെമിനാരിയിലോ മഠത്തിലോ ഉള്ള പ്രവേശനം മുതലായ സന്ദർഭങ്ങളിൽ അർത്ഥികൾ ചുരുങ്ങിയത് സണ്ടേസ്കൂൾ ഇടവക സർട്ടിഫിക്കററ് എങ്കിലും കരസ്ഥമാക്കിയിട്ടുണ്ടോ എന്ന് ബ. വികാരി

malankaralibrary.com

മാരും ബന്ധപ്പെട്ട അധികാരികളും പരിശോധിക്കേണ്ടതാണ്.

15 ഇടവകയിലെ എല്ലാ കുട്ടികളെയും, മതബോധന ക്ലാസ്സുകളിൽ കൃത്യമായും ക്രമമായും സംബന്ധിപ്പിക്കുന്നതിനും, സണ്ടേസ്കൂളിൽ കഴിവതും പത്തു ക്ലാസ്സുകളും സംഘടിപ്പിക്കുന്നതിനും ബ. വികാരിയും ഇടവകസമിതിയംഗങ്ങളും അദ്ധ്യാപകരും മാതാപിതാക്കളും പരമാവധി പരിശ്രമിക്കേണ്ടതാണ്.

## B മുതിർന്നവർ

16 സണ്ടേസ്കൂൾ പത്താം ക്ലാസ്സു പാസ്സായതിനു ശേഷമോ അല്ലാതെയോ മതബോധന ക്ലാസ്സുകളിൽ ക്രമമായി സംബന്ധിക്കുവാൻ സാധിക്കാത്ത യുവജനങ്ങൾക്കുവേണ്ടി മതബോധന കേന്ദ്രത്തിൽ നിന്നും തയ്യാറാക്കിയിരിക്കുന്ന പാഠ്യപദ്ധതിയനുസരിച്ച് മതബോധനം നടത്തേണ്ടതാണ്. ഈ കോഴ്സ് Higher Religious Course (H. R. C) എന്നറിയപ്പെടുന്നു. യുവജനങ്ങളുടെ സംഘടനാ പ്രവർത്തനങ്ങളും മതബോധനത്തിന് ഉതകത്തക്ക രീതിയിൽ ക്രമീകരിക്കേണ്ടതാണ്.

17 മുതിർന്നവരുടെ മതബോധനം, പ്രാർത്ഥനായോഗങ്ങൾ, C. L C, B. S S, Legion of Mary, ചർച്ചാ ക്ലാസ്സുകൾ, മാതൃസംഘടനകൾ, ഇതര ഭക്തസംഘടനകൾ, ധ്യാനയോഗങ്ങൾ, സുവിശേഷ യോഗങ്ങൾ, മതസാഹിത്യ പ്രസിദ്ധീകരണങ്ങൾ മുതലായവയിൽ കൂടി കാര്യക്ഷമമായി നടത്തേണ്ടതാണ്.

malankaralibrary.com

18 വയോജന മതബോധനത്തെ ലക്ഷ്യമാക്കി POC യിൽ നിന്നും പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരിക്കുന്ന 'താലന്ത്' എന്ന മാസിക എല്ലാ കത്തോലിക്കരും പ്രത്യേകിച്ച് മതാദ്ധ്യാപകരും പരമാവധി പ്രയോജനപ്പെടുത്തി തങ്ങളുടെ മതബോധനം തുടർന്നുകൊണ്ടിരിക്കാൻ ശ്രദ്ധിക്കണം.

## IV അദ്ധ്യാപകർ

19 ഇടവകവികാരി, ഇടവക സമിതിയും മററ് അദ്ധ്യാപകരുമായി ആലോചിച്ച് നിയമിക്കുന്ന കത്തോലിക്കനായിരിക്കണം അദ്ധ്യാപകൻ.

20 കഴിവതും മതാദ്ധ്യാപക പരിശീലനം ലഭിച്ചിട്ടുള്ളവരുടെ ഇടയിൽ നിന്നും അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്.

21 മതാദ്ധ്യാപക പരിശീലനം സിദ്ധിച്ചിട്ടുള്ള ആളുകൾ അല്ലെങ്കിൽത്തന്നെയും വേദോപദേശ പരിജ്ഞാനമുള്ളവരും, മതപരമായ കാര്യങ്ങളിൽ താല്പര്യമുള്ളവരും മാതൃകാപരമായ ക്രിസ്തീയ ജീവിതം നയിക്കുന്നവരുമായിട്ടുള്ള ആളുകളെ ഇതിലേയ്ക്ക് നിയോഗിക്കാവുന്നതാണ്. സണ്ടേസ്കൂളിൽ മുതിർന്ന ക്ലാസ്സുകളിൽ നിന്നും പാസ്സായിട്ടുള്ളവരെ അദ്ധ്യാപകരായി നിയമിക്കുന്നത് അനുയോജ്യമാണ്.

22 അദ്ധ്യാപകരുടെ സന്മാതൃകയും കൂദാശാപരമായ ജീവിതവും കുട്ടികളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്കും ഉത്സാഹപൂർവ്വമായ പഠനത്തിനും പ്രേരകമാകേണ്ടതാണ്.

malankaralibrary.com

23 യഥാർത്ഥ ക്രിസ്ത്യാനിയെ വളർത്തിയെടുക്കുക എന്നതാണ് ഒരു മതാദ്ധ്യാപകൻെറ ചുമതല. ആയതിനാൽ മതാദ്ധ്യാപകൻ താഴെ പറയുന്ന കാര്യങ്ങൾ ശരിയായി മനസ്സിലാക്കിയിരിക്കേണ്ടതാണ്.

a അദ്ധ്യാപകൻെറ ശ്രദ്ധ പുസ്തകത്തിലല്ല, വിദ്യാർത്ഥിയിലാണ് കേന്ദ്രീകരിക്കേണ്ടത്.

b കേവലം പഠിക്കുവാൻ മാത്രമുള്ളതല്ല, അനുഷ്ഠിക്കുവാനുള്ളതാണ് — ജീവിക്കുവാനുള്ളതാണ്—മതം, എന്ന നിലയിൽ പഠിപ്പിക്കുക.

c കുട്ടികളിൽ ദൈവീകജീവൻ പരിപോഷിപ്പിക്കുവാനുള്ള ക്രിസ്തുവിൻെറ സഹായിയാണ് അദ്ധ്യാപകൻ എന്ന ബോധത്തോടെ പെരുമാറുക.

24 ഇടവക വികാരി, അദ്ധ്യാപകരുമായി ആലോചിച്ച് അവരിൽനിന്നുതന്നെ ഒരാളെ ഹെഡ്മാസ്ററായി നിയമിക്കണം. പ്രഥമാദ്ധ്യാപകൻ ഇടവകയിലെ മതപഠനത്തിന് കാര്യക്ഷമമായ നേതൃത്വം കൊടുക്കുന്നതിന് പ്രാപ്തിയും പകതയും ഉള്ള ആളായിരിക്കണം.

25 അദ്ധ്യാപകരുടെ ഹാജർബുക്ക് ഹെഡ്മാസ്ററർ സൂക്ഷിക്കേണ്ടതും അദ്ധ്യയനദിവസങ്ങളിൽ അദ്ധ്യാപകർ തങ്ങളുടെ ഹാജർ ടി ബുക്കിൽ അടയാളപ്പെടുത്തേണ്ടതുമാകുന്നു.

26 സണ്ടേസ്കൂളിൻെറ നടത്തിപ്പിന് ആവശ്യമായ എല്ലാ കാര്യങ്ങളിലും ഹെഡ്മാസ്ററർ ഇടവക വികാരിയുമായി ആലോചിച്ചു തീരുമാനമെടുക്കേണ്ടതാണ്.

malankaralibrary.com

27 സണ്ടേസ്കൂൾ സംബന്ധമായ എല്ലാ റിക്കാർഡുകളും ഹെഡ്മാസ്റ്ററുടെ ചുമതലയിൽ സൂക്ഷിക്കേണ്ടതും ഇൻസ്പെക്ക്ഷന് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്.

28 ഓരോ ക്ലാസ്സിൻെറയും ചുമതല ക്ലാസ്സദ്ധ്യാപകനായിരിക്കും.

29 ക്ലാസ്സിൽ വരുന്ന അദ്ധ്യാപകൻെറ കൈവശം അതതു ക്ലാസ്സിന് ആവശ്യമുള്ള ഗ്രന്ഥങ്ങളും പഠനോപകരണങ്ങളും (പാഠപുസ്തകം, നോട്ടുബുക്കു, വി. ഗ്രന്ഥം, കുർബാനക്രമം, പഠനോപകരണങ്ങൾ, സഭാചരിത്രം) ആവശ്യാനുസരണം ഉണ്ടായിരിക്കേണ്ടതാണ്.

30 ഏതെങ്കിലും ക്ലാസ്സിൽ ഒരദ്ധ്യാപകന് സംബന്ധിക്കുവാൻ സാധിക്കാതെ വന്നാൽ ആ വിവരം ഇടവകവികാരിയേയോ, ഹെഡ്മാസ്റ്ററേയോ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

31 മുതിർന്നക്ലാസ്സുകളിൽ, വിവിധ വിഷയങ്ങളിൽ കൂടുതൽ പരിജ്ഞാനംലഭിച്ചിട്ടുള്ളവർ അതതു വിഷയങ്ങൾ എടുക്കുന്നതു നന്നായിരിക്കും. (ഉദാ:- കേരള ക്രൈസ്തവ ചരിത്രത്തിൽ കൂടുതൽ അറിവുനേടിയിട്ടുള്ള ഒരദ്ധ്യാപകന് അഞ്ച്, ആറ്, ഏഴ് എന്നീക്ലാസ്സുകളിലെ സഭാചരിത്രക്ലാസ്സുകൾ എടുക്കാവുന്നതാണ്. തിരുസഭാചരിത്രത്തെക്കുറിച്ച് കൂടുതൽ അറിവുള്ള ഒരദ്ധ്യാപകന് എട്ട്, ഒമ്പത്, പത്ത് എന്നീ ക്ലാസ്സുകളിലെ സഭാചരിത്രഭാഗങ്ങൾ പഠിപ്പിക്കാവുന്നതാണ്. ഭക്തഗാനങ്ങൾ നല്ല ഈണത്തോടുകൂടി പാടുവാൻ കഴിവുള്ള അദ്ധ്യാപകന് വിവിധ ക്ലാസ്സുകളിലെ പാട്ടുകൾ പഠിപ്പിക്കുവാൻ കഴി

malankaralibrary.com

യുന്നതാണ്.) ഇങ്ങനെ അഞ്ചുമുതൽ പത്തു വരെയുള്ള മുതിർന്ന ക്ലാസ്സുകളിൽ അദ്ധ്യാപകർ മാറിമാറി വിഷയങ്ങൾ എടുക്കുന്നത് വളരെ നല്ലതായിരിക്കും. പൊതുവായ ഒരു ടൈംടേബിൾവച്ചുകൊണ്ടായിരിക്കണം അദ്ധ്യാപകർ ഇങ്ങനെയൊരു ക്രമീകരണത്തിന് ഒരുങ്ങേണ്ടത്. കുട്ടികളിലും അദ്ധ്യാപകരിലും കൂടുതൽ ഉണർവ്വുണ്ടാകുവാൻ ഈ രീതി ഉപകാരപ്രദമാണ്. ഈ രീതിയാണ് മുതിർന്ന ക്ലാസ്സുകളിൽ സ്വീകരിക്കുന്നതെങ്കിൽ ഒന്നാമത്തെ പീരിയഡ് ക്ലാസ്സദ്ധ്യാപകൻ എടുക്കണം. കുട്ടികളുടെ ഹാജർ എടുക്കുന്ന ചുമതല ക്ലാസ്സദ്ധ്യാപകനായിരിക്കും.

32 അദ്ധ്യാപകരുടെ സേവനത്തെ ഇടവക തലത്തിലും രൂപതാ തലത്തിലും അംഗീകരിക്കുകയും അവരെ പ്രോത്സാഹിപ്പിക്കയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

33 ഉദ്യോഗനിയമനം, സ്കോളർഷിപ്പ്, മററു സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ മുതലായവയിൽ മതാദ്ധ്യാപകർക്ക് മുൻഗണന നൽകേണ്ടതാണ്.

34 വിനോദയാത്ര, പഠനയാത്ര മുതലായവ ഇടവകച്ചെലവിൽ മതാദ്ധ്യാപകർക്കായി ക്രമീകരിക്കാവുന്നതാണ്.

35 സ്തുത്യർഹമായ മതബോധന പ്രവർത്തനത്തിന് ശേഷം പിരിഞ്ഞുപോകുന്ന അദ്ധ്യാപകന് ഇടവക തലത്തിൽ അനുയോജ്യമായ യാത്രയയപ്പ് നൽകുന്നത് ഉചിതമാണ്.

malankaralibrary.com

## V അദ്ധ്യയനം

36 രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള പാഠ്യപദ്ധതിയനുസരിച്ച് വിഷയങ്ങൾ ഓരോ ക്ളാസ്സിലും പഠിപ്പിക്കേണ്ടതാണ്.

37 ക്ളാസ്സിൽ വരുമ്പോൾ ഓരോ കുട്ടിയും ബൈബിൾ, പാഠപുസ്തകം, നോട്ടുബുക്ക്, സഭാചരിത്രം, കുർബാനക്രമം ഇവ കൊണ്ടുവരേണ്ടതാണ്.

38 ആണ്ടിൽ 52 ഞായറാഴ്ചകൾ ഉള്ളതിൽ 40 ഞായറാഴ്ചകൾ എങ്കിലും ക്ളാസ്സുകൾ നടത്തിയിരിക്കണം. കൂടാതെ മദ്ധ്യവേനൽ അവധിക്കാലത്ത് പത്തു ദിവസത്തിൽ കുറയാതെ തുടർച്ചയായി Intensive Course നടത്തേണ്ടതാണ്.

39 അദ്ധ്യയന വർഷം മൂന്നു ടേമുകളായി തിരിച്ചിരിക്കുന്നു. സിലബസ്സ് പ്രകാരം ഓരോ ടേമിലും പഠിപ്പിക്കേണ്ട ഭാഗങ്ങൾ അതതു ടേമുകളിൽ തന്നെ പൂർത്തിയാക്കിയിരിക്കണം.

## VI ഹാജർ

40 വിദ്യാർത്ഥികൾ, എല്ലാ അദ്ധ്യയന ദിവസങ്ങളിലും കൃത്യസമയത്തു തന്നെ ക്ളാസ്സിൽ ഹാജരാകേണ്ടതാണ്.

41 ഏതെങ്കിലും ഒരു വിദ്യാർത്ഥി ഹാജരാകാതിരുന്നാൽ അവധിക്കപേക്ഷ നേരത്തെ സമർപ്പിക്കുകയോ അല്ലെങ്കിൽ ഹാജരാകാതിരുന്ന

malankaralibrary.com

തിനുള്ള കാരണം വിശദീകരിച്ചുകൊണ്ടുള്ള രക്ഷകർത്താവിന്റെ എഴുത്തു കൊണ്ടുവരികയോ ചെയ്യാൻ പ്രേരിപ്പിക്കണം.

## VII ക്ലാസ്സുകൾ

42 വേദപാഠ ക്ലാസ്സുകൾ ഒന്നു മുതൽ പത്തു വരെയായിരിക്കും.

43 ഒരു ക്ലാസ്സിൽ 25–ൽ അധികം കുട്ടികളായാൽ ഡിവിഷൻ തിരിച്ച് പഠിപ്പിക്കണം.

## VIII സമയവും പീരിയഡുകളും

44 മതബോധനസമയം ഇടവകയുടെ സാഹചര്യമനുസരിച്ച് നിശ്ചയിച്ച് ക്ലാസ്സുകൾ ക്ലിപ്ത സമയത്ത് തുടങ്ങി അവസാനിപ്പിക്കേണ്ടതാണ്.

45 മതപഠനം 45 മിനിട്ട് വീതമുള്ള രണ്ടു പീരിയെഡെങ്കിലും ഉണ്ടായിരിക്കണം.

46 ക്ലാസ്സുകൾ തുടങ്ങുന്നതിനു മുമ്പ് എല്ലാ ക്ലാസ്സുകളിലേയും കുട്ടികളും അദ്ധ്യാപകരും ഒരുമിച്ച് നിന്ന് പാട്ട്, വേദപുസ്തക വായന, പ്രാർത്ഥന ഇവ സമൂഹമായി നടത്തിയതിനു ശേഷം ക്ലാസ്സുകൾ ആരംഭിക്കേണ്ടതും, ക്ലാസ്സിന്റെ അവസാനം ഒരുമിച്ചു കൂടി പൊതുപ്രാർത്ഥന നടത്തേണ്ടതുമാണ്.

47 സിലബസ്സനുസരിച്ച് ഓരോ ക്ലാസ്സിലെയും വിഷയങ്ങൾ പഠിപ്പിക്കുവാൻ ഒരു time table അദ്ധ്യാപകർ ഉണ്ടാക്കേണ്ടതാണ്.

malankaralibrary.com

48 ഏററവും ഭക്തിപൂർണ്ണമായ ഒരന്തരീക്ഷത്തിൽ വേണം മതപഠന ക്ളാസ്സുകൾ നടത്തേണ്ടത്. പ്രാർത്ഥനകളിലും വി. കൂദാശകളിലും പങ്കുകൊള്ളുന്നതു പോലെ മതപഠനക്ളാസ്സുകളിലും ബഹുമാനത്തോടും ആദരവോടും കൂടി സംബന്ധിക്കുന്നതിന് കുട്ടികളെ അഭ്യസിപ്പിക്കണം.

## IX സിലബസ്സും പാഠപുസ്തകങ്ങളും

49 മതബോധന കേന്ദ്രത്തിൽ നിന്നും നിർദ്ദേശിച്ചിട്ടുള്ള സിലബസ്സനുസരിച്ച് വിഷയങ്ങൾ ഓരോ ക്ളാസ്സിലും പഠിപ്പിക്കേണ്ടതാണ്.

50 സണ്ടേസ്കൂൾ പാഠപുസ്തകമായി POC-യിൽ നിന്നും പ്രസിദ്ധീകരിച്ചിരിക്കുന്ന പുസ്തകങ്ങൾ അതതു ക്ളാസ്സുകളിൽ ഉപയോഗിക്കണം.

51 സഭാ ചരിത്രം പഠിപ്പിക്കുവാൻ മതബോധന കേന്ദ്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന പുസ്തകങ്ങൾ ഉപയോഗിക്കണം.

52 നമ്മുടെ മററു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സന്മാർഗ്ഗ പാഠക്ളാസ്സുകൾ പഠിപ്പിക്കുന്നതിന് രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന സന്മാർഗ്ഗ പാഠാവലികൾ അതതു ക്ളാസ്സുകളിൽ ഉപയോഗിക്കേണ്ടതാണ്.

53 എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങളുണ്ടായിരിക്കണം.

malankaralibrary.com

# X പരീക്ഷ

## A ഇടവകതലത്തിൽ

54 ഓരോ ടേമിന്റെയും അവസാന ഞായറാഴ്ച എല്ലാ ക്ലാസ്സുകളിലും പരീക്ഷകൾ നടത്തി (Termly Examination) ഓരോ കുട്ടിയുടെയും പുരോഗതി രേഖപ്പെടുത്തേണ്ടതാണ്. മാർക്കുകൾ ഹാജർ ബുക്കിൽ കാണിച്ചിരിക്കണം.

55 ചോദ്യക്കടലാസ്സുകൾ അതതു ഇടവകയിലെ അദ്ധ്യാപകർ തയ്യാറാക്കിയിരിക്കണം.

## B ഡിസ്ട്രിക്റ്റ് തലത്തിൽ

56 വർഷാവസാനം ഡിസ്ട്രിക്ട് തലത്തിൽ ഒരു മത്സര പരീക്ഷ നടത്താവുന്നതാണ്. അതതു ഡി. സണ്ടേസ്കൂൾ നിർവ്വഹക സമിതി നിശ്ചയിക്കുന്ന പ്രകാരവും അവരുടെ ചുമതലയിലും ഈ പരീക്ഷ നടത്തേണ്ടതാണ്.

## C രൂപതാ തലത്തിൽ

57 രൂപതാ മതബോധന കേന്ദ്രത്തിൽ നിന്നും വാർഷികപ്പരീക്ഷ ഓരോ ക്ലാസ്സിലേയ്ക്കും നടത്തുന്നു.

58 ഈ പരീക്ഷയിൽ നിന്നും രൂപതാ സണ്ടേസ്കൂൾ സമ്മാനാർഹരെ തെരഞ്ഞെടുക്കുന്നു.

59 രൂപതയിലെ എല്ലാ സണ്ടേസ്കൂളുകളും നിർബന്ധമായും ഈ പരീക്ഷയിൽ സംബന്ധിക്കേണ്ടതാണ്.

malankaralibrary.com

60 കേന്ദ്രത്തിൽ നിന്നും അതതു കാലത്തുണ്ടാകുന്ന നിർദ്ദേശാനുസരണം കുട്ടികളെ രൂപതാ വാർഷികപ്പരീക്ഷയ്ക്ക് ഇരുത്തേണ്ടതാണ്.

61 കേന്ദ്രത്തിൽ നിന്നും പരീക്ഷയ്ക്കു നിർദ്ദേശിക്കുന്ന തീയതിയിലും സമയത്തും എല്ലാ ഇടവകകളിലും വാർഷികപ്പരീക്ഷ നടത്തിയിരിക്കണം.

62 ഇടവകയിലെ എല്ലാ സണ്ടേസ്കൂൾ വിദ്യാർത്ഥികളും അതതു ക്ലാസ്സിലെ വാർഷികപരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

63 ഈ പരീക്ഷയിൽ 35% മാർക്കെങ്കിലും കിട്ടുന്നവർക്ക് ക്ലാസ്സുകയററം നൽകേണ്ടതാണ്. ന്യായമായ കാരണത്താൽ ഒരു കുട്ടിക്ക് വാർഷികപ്പരിക്ഷയിൽ ചേരാൻ സാധിച്ചില്ലെങ്കിൽ വികാരി അദ്ധ്യാപകരുമായി ആലോചിച്ച് ഓരോ ടേമിലും കിട്ടിയിരുക്കുന്ന മാർക്കിൻെറ അടിസ്ഥാനത്തിൽ അങ്ങനെയുള്ള കുട്ടിക്ക് ക്ലാസ്സു കയററം യുക്തിപൂർവം നൽകേണ്ടതാണ്.

64 ഒന്നും രണ്ടും ക്ലാസ്സുകളിൽ ചോദ്യപരീക്ഷയും മൂന്നു മുതൽ പത്തു വരെ ക്ലാസ്സുകളിലേയ്ക്ക് കേന്ദ്രത്തിൽ നിന്നും ചോദ്യക്കടലാസ്സുകൾ നൽകി നടത്തുന്ന എഴുത്തു പരീക്ഷയും ആയിരിക്കും.

65 ഡിസ്ട്രിക്ടുകളിലേയ്ക്ക് ആവശ്യമായ ചോദ്യക്കടലാസ്സുകൾ അതതു ഡിസ്ട്രിക്ട് വികാരിമാരുടെ പേരിൽ കേന്ദ്രത്തിൽ നിന്നും അയച്ചുകൊടുക്കുന്നതാണ്. ഡിസ്ട്രിക്ട് വികാരിയുടെ പക്കൽ നിന്നും ഇടവകവികാ

malankaralibrary.com

രിമാർ അതതു ഇടവകയിലേയ്ക്കുള്ള ചോദ്യക്കടലാസിന്റെ പായ്ക്കററ് ഏററുവാങ്ങി സൂക്ഷിക്കേണ്ടതാണ്.

66 Scruitny officer.
പരീക്ഷകൾ ക്രമമായി നടത്തുന്നതിന് ഓരോ ഇടവകയിലേയ്ക്കും Scrutiny officer മാരെ അതതു ഡിസ്ട്രിക്ട് വികാരിമാർ ചുമതലപ്പെടുത്തി അയയ്ക്കേണ്ടതാണ്.

67 Scrutiny ഓഫീസറെ നിയമിക്കാത്ത ഇടവകയിലെ കുട്ടികളുടെ ഉത്തരക്കടലാസ്സുകൾ ഒരു കാരണവശാലും കേന്ദ്ര ഓഫീസിലേക്ക് അയച്ചുകൊടുക്കരുത്. അവ സമ്മാനാർഹമായി അംഗീകരിക്കുന്നതല്ല.

68 ചോദ്യപേപ്പറുകളുടെ പായ്ക്കററ് പൊട്ടിച്ചിട്ടുണ്ടെന്ന് സംശയം തോന്നിയാൽ Scrutiny officer ആ വിവരം ഇടവക വികാരിയേയും ഡി. വികാരിയേയും മതബോധന ഡയറക്ടറേയും യഥാസമയം അറിയിക്കേണ്ടതാണ്,

69 ഓരോ ഇടവകയിലും Scrutiny officer പരീക്ഷയ്ക്കു നിശ്ചയിച്ചിരിക്കുന്ന സമയത്തിന് പത്തു മിനിട്ടു മുമ്പുമാത്രമെ ചോദ്യക്കടലാസ്സുകളുടെ പായ്ക്കററു പൊട്ടിക്കാവൂ.

70 നിശ്ചിത സമയത്ത് പരീക്ഷകൾ തുടങ്ങുകയും അവസാനിപ്പിക്കുകയും ചെയ്യണം.

71 പരീക്ഷ, ഇടവക വികാരിയുടെയും Scrutiny ഓഫീസറുടെയും മേൽനോട്ടത്തിൽ നടത്തേണ്ടതാണ്. പരീക്ഷാഹാളിൽ, ചോദ്യപേപ്പറിനെക്കുറിച്ചുള്ള കുട്ടികളുടെ സംശയങ്ങൾ ദൂരീകരിക്കുവാൻ Scrutiny ഓഫീസർക്കു മാത്രമെ അധികാരമുള്ളൂ.

malankaralibrary.com

72 ഫുൾസ്ക്യാപ്പ് വലിപ്പമുള്ള (അരഷീററ്) ഉത്തരക്കടലാസ്സിൻെറ ആദ്യത്തെ പേജിൽ വിദ്യാർത്ഥിയുടെ പേരും ഇടവകയും ഡിസ്ട്രിക്ടും ക്ലാസ്സും വയസ്സും (മററിനിർദ്ദേശമില്ലെങ്കിൽ) വ്യക്തമായി എഴുതിയിരിക്കണം. കൂടാതെ മതബോധന കേന്ദ്രത്തിൽ നിന്നും ഇതിനായി അയയ്ക്കുന്ന ഫോറം ശരിയായി പൂരിപ്പിച്ച് ഉത്തരക്കടലാസ്സിൻെറ ആദ്യത്തെ പേജിനോട് ചേർത്ത് പിൻ ചെയ്യേണ്ടതാണ്. ഉത്തരക്കടലാസ്സിൻെറ ഷീററുകൾ തമ്മിൽ പിൻകൊണ്ടോ നൂലുകൊണ്ടോ ബന്ധിച്ചിരിക്കണം. ഇക്കാര്യങ്ങൾ കുട്ടികൾ ചെയ്തിട്ടുണ്ടോ എന്ന് scrutiny ഓഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

73 പരീക്ഷകൾ ക്രമമായും സത്യസന്ധമായും നടത്തുവാൻ scrutiny ഓഫീസർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ക്രമക്കേടുകൾ കാണിക്കുന്ന കുട്ടികളെ പരീക്ഷയിൽ നിന്നും വികാരിയോടും സണ്ടേസ്കൂൾ ഹെഡ്മാസ്ററോടും ആലോചിച്ച് Scrutiny officer ബഹിഷ്കരിക്കേണ്ടതാണ്.

74 കുട്ടികൾക്ക് നൽകിയതിനു ശേഷം ബാക്കി വരുന്ന ചോദ്യക്കടലാസ്സുകൾ പരീക്ഷാസമയം കഴിഞ്ഞാൽ മാത്രമെ Scrutiny ഓഫീസർ അദ്ധ്യാപകർക്കോ മററുള്ളവർക്കോ കൊടുക്കുവാൻ പാടുള്ളു.

75 പരീക്ഷ കഴിഞ്ഞാൽ Scrutiny ഉടനെ തന്നെ അതതു ഇടവകയിലെ ഉത്തരക്കടലാസ്സുകളും റിപ്പോർട്ടും ബ. വികാരിയുടെ സാന്നിദ്ധ്യത്തിൽ സീൽ ചെയ്ത് ഡിസ്ട്രിക്ട് വി

malankaralibrary.com

കാരിയെ എത്രയും വേഗത്തിൽ ഏല്പിക്കേണ്ടതാണ്.

76 Scrutiny ഓഫീസറന്മാരുടെ യാത്രച്ചെലവുകൾ ഡി. സണ്ടേസ്കൂൾ ഫണ്ടിൽ നിന്നും ഡി. വികാരി നല്കേണ്ടതാണ്.

77 വാർഷിക പരീക്ഷയിൽ സംബന്ധിക്കുന്ന കുട്ടികൾക്ക് Intensive course—ന്റെ ദിവസങ്ങൾ കൂടാതെ 60% ഹാജർ എങ്കിലും ഉണ്ടായിരിക്കണം. എന്നാൽ പ്രത്യേക സാഹചര്യങ്ങളിൽ ഈ നിയമത്തിന് എന്തെങ്കിലും അയവു വരുത്തുന്നതിന് ഇടവക വികാരിക്ക് അധികാരമുണ്ടായിരിക്കും.

78 കഴിഞ്ഞ രൂപതാ സണ്ടേസ്കൂൾ വാർഷികപ്പരീക്ഷയിൽ ഇരുന്നു എഴുതി വിജയിച്ചിട്ടുള്ള വിദ്യാർത്ഥി, അതേ ക്ലാസ്സിലോ താഴ്ന്ന ക്ലാസ്സുകളിലോ ഇരുന്ന് അടുത്ത വാർഷികപ്പരീക്ഷയിൽ പങ്കെടുക്കുവാൻ പാടില്ലാത്തതാകുന്നു.

79 ഡിസ്ട്രിക്ട് വികാരിയുടെയും ഡിസ്ട്രിക്ട് Executive committee യുടെയും ചുമതലയിൽ പത്താം ക്ലാസ്സിലെ ഒഴിച്ചുള്ള ഉത്തരക്കടലാസ്സുകൾ നോക്കി മാർക്കു ലിസ്റ്റ് മതബോധന കേന്ദ്രത്തിൽ നിന്നും നിർദ്ദേശിക്കുന്ന തീയതിക്കു മുമ്പായി അതതു ഇടവക വികാരിമാരെ ഏല്പിക്കണം. പേപ്പർ പരിശോധിക്കുന്നവർ പെൻസിൽ കൊണ്ട് മാർക്കുകൾ രേഖപ്പെടുത്തേണ്ടതാണ്. 10-ാം ക്ലാസ്സിലെ ഉത്തരക്കടലാസ്സുകൾ മുഴുവനും പരിശോധിക്കാതെ മതബോധന കേന്ദ്രത്തിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്. 10-ാം

malankaralibrary.com

ക്ലാസ്സിലെ മാർക്ക് ലിസ്ററ് മതബോധന കേന്ദ്രത്തിൽ നിന്നും ബന്ധപ്പെട്ടവരെ അറിയിക്കുന്നതാണ്.

80 മതബോധന കേന്ദ്രത്തിൽ നിന്നും എല്ലാ ഡി. വികാരിമാർക്കും എല്ലാ ക്ലാസ്സുകളിലേയും ചോദ്യങ്ങളുടെ Scoring key യുടെ കോപ്പികൾ പരീക്ഷ കഴിഞ്ഞ ഉടൻ ലഭിക്കത്തക്ക രീതിയിൽ അയച്ചു തരുന്നതാണ്.

81 ഓരോ ഡിസ്ട്രിക്ടിൽ നിന്നും മൂന്നുമുതൽ ഒമ്പതു വരെയുള്ള എല്ലാ ക്ലാസ്സുകളിലേയും ഒന്നു മതൽ എട്ടു വരെയുള്ള റാങ്കുകൾ ലഭിക്കുന്ന വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ്സുകൾ മതബോധന കേന്ദ്രത്തിലേയ്ക്ക്, നിർദ്ദേശിക്കുന്ന തീയതിക്കകമായി ഡി. വികാരിമാരുടെ ചുമതലയിൽ എത്തിച്ചു കൊടുക്കേണ്ടതാണ്. 10—ാം ക്ലാസ്സിലെ എല്ലാ ഉത്തരക്കടലാസ്സുകളും മതബോധന കേന്ദ്രത്തിലേയ്ക്ക് അയച്ചു കൊടുക്കേണ്ടതാണ്.

## റൂപതാ സംബന്ധ്കൂറം സമ്മാനാർഹരും സമ്മാനവിവരങ്ങളും

82 ഡി. വികാരിമാർ അയച്ചുകൊടുക്കുന്ന ഉത്തരക്കടലാസ്സുകൾ മതബോധനകേന്ദ്രത്തിൽ നിന്നും പുന:പ്പരിശോധന ചെയ്യുന്നതും അങ്ങനെ കിട്ടുന്ന മാർക്കിന്റെ അടിസ്ഥാനത്തിൽ സമ്മാനാർഹരെ തെരഞ്ഞെടുക്കുന്നതുമാകുന്നു. ഡിസ്ട്രിക്ട് തലത്തിൽ കിട്ടിയിരിക്കുന്ന മാർക്കുകൾ ഇതിനു ബാധകമല്ല.

malankaralibrary.com

83 10—ാം ക്ലാസ്സിൽ നിന്നും പാസ്സാകുന്ന എല്ലാ കുട്ടികൾക്കും മതബോധന കേന്ദ്രത്തിൽ നിന്നും രൂപതാ സണ്ടേസ്കൂൾ സർട്ടിഫിക്കറ്റുകൾ നൽകുന്നതാണ്. പത്താം ക്ലാസ്സ് പാസ്സാകുന്നതിന് 40% മാർക്കെങ്കിലും ഉണ്ടായിരിക്കണം. 10—ാം ക്ലാസ്സിൽ പ്രൈവറ്റായി പരീക്ഷയ്ക്ക് ചില സാഹചര്യങ്ങളിൽ ഇരുത്താവുന്നതാണ്. എട്ട്, ഒമ്പത് എന്നീ ക്ലാസ്സുകളിലെ പാഠ്യപദ്ധതിയും ഉൾപ്പെടുത്തി ചോദ്യങ്ങൾ ചോദിക്കുന്നതാണ്.

84 പത്താം ക്ലാസ്സിലെ ഉത്തരക്കടലാസ്സുകളുടെ ആദ്യത്തെ പേജിലും പ്രത്യേകമായി കൊടുത്തിരിക്കുന്ന ഫോറത്തിലും കുട്ടിയുടെ പേര്, രക്ഷാകർത്താവിൻെറ പേര്, വീട്ടുപേര്, ഇടവക, ഡിസ്ട്രിക്ട്, വയസ്സ് മുതലായ കാര്യങ്ങൾ വ്യക്തമായി എഴുതിയിരിക്കണം. കേന്ദ്ര ഓഫീസിൽ ഇക്കാര്യങ്ങൾ രേഖപ്പെടുത്തുവാനുള്ളതാണ്.

85 പത്താം ക്ലാസ്സിലെ ഒന്നും രണ്ടും മൂന്നും റാങ്കുകൾ ലഭിക്കുന്ന കുട്ടികളുടെ ഫോട്ടോകൾ ഇടവക വികാരി കേന്ദ്ര ഓഫീസിലേയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ്. അവ ഐക്യദീപം മാസികയിൽ കൂടി പ്രസിദ്ധീകരിക്കുന്നതാണ്.

86 മൂന്നു മുതൽ പത്തു വരെയുള്ള ക്ലാസ്സുകളിലേയ്ക്ക് മൂന്നു സമ്മാനങ്ങളും അഞ്ച് പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്.

malankaralibrary.com

87 രൂപതാ സണ്ടേസ്കൂൾ സമ്മാനാർഹരുടെ പേരു വിവരം ഐക്യദീപത്തിൽ കൂടിയോ മതബോധന ഡയറക്ടറുടെ സർക്കുലർ മുഖേനയോ പ്രസിദ്ധീകരിക്കുന്നതാണ്.

88 ചോദ്യക്കടലാസ്സുകൾ തയ്യാറാക്കുന്നതും സ സമ്മാനാർഹരെ തെരഞ്ഞെടുക്കുന്നതും രൂപതാ സണ്ടേസ്കൂൾ Executive committee-യാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു Examination Board ആയിരിക്കും.

89 ഡിസ്ട്രിക്ടിൽ നിന്നും തെരഞ്ഞെടുത്ത ഉത്തരക്കടലാസ്സുകൾ മതബോധന കേന്ദ്രത്തിലേയ്ക്ക് Director, T. P. C. C. Santhinilayam, Tiruvalla, 689101. എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

90 പരീക്ഷയെ സംബന്ധിച്ചു പുതിയ നിർദ്ദേശങ്ങൾ അതതു കാലങ്ങളിൽ മതബോധന കേന്ദ്രത്തിൽ നിന്നും അറിയിക്കുന്നതും അതനുസരിച്ച് പ്രവർത്തിക്കേണ്ടതുമാണ്.

91 **HIGHER RELIGIOUS COURSE (HRC)**

സണ്ടേസ്കൂളിൽ 10-ാം ക്ലാസ്സിനു ശേഷവും തുടർന്ന് മതബോധനം നടത്തുന്നതിന് പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് H. R. C. ക്രമീകരിച്ചിരിക്കുന്നത്. ഈ കോഴ്സിന്റെ പാഠ്യവിഷയങ്ങളായി കുറെ പുസ്തകങ്ങൾ നിർദ്ദേശിക്കുന്നതാണ്. പഠിപ്പിക്കുന്നതിന് പ്രത്യേക ക്രമീകരണങ്ങൾ നിർദ്ദേശിക്കുന്നില്ല. സ്വന്തമായി പഠിക്കുകയോ സ്ഥലത്തെ സൗകര്യം അനുസരിച്ച് ക്ലാസ്സുകൾ എടുക്കുന്നതിനു ക്രമീകരിക്കുകയോ ചെയ്യാവുന്നതാണ്.

malankaralibrary.com

92 H R C പരീക്ഷ ഡി. കേന്ദ്രത്തിൽ വച്ച്, ഡി. വികാരിയുടെ മേൽനോട്ടത്തിൽ നടത്തേണ്ടതാണ്. ഈ പരീക്ഷ മതബോധന കേന്ദ്രത്തിൽ നിന്നും നിശ്ചയിക്കുന്ന സൗകര്യപ്രദമായ ഒരു സമയത്തു മാത്രമായിരിക്കും നടത്തുന്നത്. പരീക്ഷാ തീയതിയും അതിനെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും ആറു മാസം മുമ്പ് പരസ്യപ്പെടുത്തുന്നതും പരീക്ഷയിൽ ചേരാൻ ആഗ്രഹിക്കുന്നവർ അതതു ഡി. വികാരിമാരുടെ പക്കൽ പേര് മൂന്നു മാസം മുമ്പ് രജിസ്ററർ ചെയ്യേണ്ടതും ഡി. വികാരിമാർ പ്രസ്തുത ലിസ്ററ് രൂപതാ കേന്ദ്രത്തിൽ അറിയിക്കേണ്ടതുമാണ്.

93 പ്രസ്തുത പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസുകൾ കേന്ദ്രത്തിൽ നിന്നും വിദഗ്ദ്ധ കമ്മററിയെക്കൊണ്ട് തയ്യാറാക്കിക്കുന്നതും ഉത്തരക്കടലാസുകൾ മേൽപ്പടി കമ്മററി തന്നെ പരിശോധിക്കുന്നതുമാണ്.

94 H. R. C. പരീക്ഷ പാസ്സാകുന്നതിന് 50% മാർക്കെങ്കിലും ഉണ്ടായിരിക്കണം. പാസ്സാകുന്നവർക്ക് H. R. C. സർട്ടിഫിക്കററ് (H. R. C. C) മതബോധന കേന്ദ്രത്തിൽ നിന്നും നൽകുന്നതാണ്.

95 ഈ പരീക്ഷയിൽ രൂപതാ തലത്തിൽ ഒന്നാം റാങ്കു കരസ്ഥമാക്കുന്ന ആളിന് 500 രൂപയുടേയും രണ്ടാം റാങ്ക് കരസ്ഥമാക്കുന്ന ആളിന് 350 രൂപയുടെയും മൂന്നാം റാങ്ക് ലഭിക്കുന്ന ആളിന് 200 രൂപയുടെയും ക്യാഷ് അവാർഡുകൾ നല്കുന്നതായിരിക്കും.

malankaralibrary.com

96 ബ. വൈദികരും വൈദിക വിദ്യാർത്ഥികളും കന്യാസ്ത്രീകളും ഈ പരീക്ഷയിൽ സംബന്ധിക്കുവാൻ പാടില്ലാത്തതാകുന്നു.

97 വാർഷിക പരീക്ഷയെ സംബന്ധിച്ചും H R C പരീക്ഷയെ സംബന്ധിച്ചും എല്ലാം പരാതികളും മതബോധന ഡയറക്ടറെ അറിയിക്കേണ്ടതും അദ്ദേഹത്തിൻെറ തീരുമാനം അവസാന തീരുമാനമായി അംഗീകരിക്കേണ്ടതുമാണ്.

## XI സണ്ടേസ്കൂൾ

### വാർഷികാഘോഷദിനം

98 വാർഷിക പരീക്ഷയ്ക്കു ശേഷം ഓരോ ഇടവകയിലും സൗകര്യമായ ഒരു ദിവസം സണ്ടേസ്കൂൾ വാർഷികം കൊണ്ടാടേണ്ടതാണ്.

99 വിദ്യാർത്ഥികളുടെ ഹാജർ, മാർക്കിൻെറ സ്ഥാനം, സ്വഭാവം എന്നിവ പരിഗണിച്ചും സമ്മാനങ്ങൾ കൊടുക്കാവുന്നതാണ്.

100 കുട്ടികൾക്കു വേണ്ടി കലാപരിപാടികൾ, കായിക മത്സരങ്ങൾ മുതലായവ നടത്തി വിജയികൾക്കു സമ്മാനങ്ങൾ നൽകാവുന്നതാണ്.

## XII സണ്ടേസ്കൂൾ ദിനം

101 ഓരോ ഇടവകയിലും വർഷം തോറും ജനുവരി മാസത്തിൽ ആദ്യത്തെ ഞായറാഴ്ച സണ്ടേസ്കൂൾ ദിനം സമുചിതമായി ആഘോഷിക്കണം.

malankaralibrary.com

102 സണ്ടേസ്കൂൾ ദിനം വിദ്യാർത്ഥികളുടെ ദിനമാകയാൽ അവർക്കു വേണ്ട പ്രോത്സാഹനം നൽകുന്നതിലേയ്ക്ക് ആത്മീയവും കായികവും കലാപരവുമായ പരിപാടികൾ ഉൾക്കൊള്ളിച്ചിരിക്കണം.

103 ആത്മീക പരിപാടികളുടെ കൂട്ടത്തിൽ വിദ്യാർത്ഥികൾ കുമ്പസാരിച്ച് വി. കുർബാനയിൽ സംബന്ധിച്ച് പൊതുകുർബാനാനുഭവവും നടത്തണം.

104 വിദ്യാർത്ഥികൾക്കു വേണ്ടി അന്നേ ദിവസം ആഘോഷമായ വി. കുർബാന അർപ്പിക്കുകയും വി. കുർബാന സമയത്തോ അതിനു മുമ്പോ ധ്യാനയോഗങ്ങൾ നടത്തുകയും വേണം.

105 സണ്ടേസ്കൂൾ ദിനത്തിൽ സണ്ടേസ്കൂൾ ഫണ്ടിലേയ്ക്ക് പണം പിരിക്കുകയും സംഭാവനകൾ സ്വീകരിക്കുകയും ചെയ്യണം.

106 ഉദാരമായ സംഭാവനകൾ ലഭിക്കുന്നതിനു വേണ്ടി നേരത്തെ തന്നെ വിദഗ്ദമായ രീതിയിൽ പ്രചരണവേല നടത്തേണ്ടതാണ്.

107 കുട്ടികൾ തന്നെ ഓരോ വീട്ടിൽ നിന്നും ഈ പിരിവ് നടത്തുന്നത് നന്നായിരിക്കും. അല്ലെങ്കിൽ കുട്ടികളുടെ കൈവശം കവറുകൾ നേരത്തെ കൊടുത്തയച്ച് സംഭാവന സ്വീകരിച്ച് പള്ളിയിൽ ഏല്പിക്കുന്നതിന് നിഷ്ക്കർഷിക്കാവുന്നതാണ്.

108 സണ്ടേസ്കൂൾ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്കുവേണ്ടിയുള്ള കലാപരിപടികളും കായിക മത്സരങ്ങളും സാഹിത്യ മത്സരങ്ങളും വേദോപദേശ മത്സരങ്ങളും നടത്തേണ്ടതാണ്. ഇങ്ങനെ നടത്തുന്ന പരിപാടികൾ ഒരു ഡി

malankaralibrary.com

സ്ട്രിക്ടിലുള്ള പല ഇടവകകൾ ചേർന്നോ അല്ലെങ്കിൽ എല്ലാ ഇടവകകളും ചേർന്നോ ഒരു സ്ഥലത്തു വെച്ച് നടത്താവുന്നതാണ്.

109 അതതു ഡിസ്ട്രിക്ടിലെ എക്സിക്യൂട്ടീവ് കമ്മിററി സണ്ടേസ്കൂൾ ദിനത്തേക്കുറിച്ച് പര്യാലോചിച്ച് വിശദമായ പരിപാടികൾ തയ്യാറാക്കേണ്ടതാകുന്നു.

110 സണ്ടേസ്കൂൾ ദിനത്തിൻെറ സമാപനമായി പൊതു സമ്മേളനം ചേരുകയും സമ്മാനങ്ങളും മററും നൽകുകയും വേണം,

111 സണ്ടേസ്കൂൾ ദിനത്തിൽ ലഭിച്ച പണത്തിൻെറ 50% മതബോധന കേന്ദ്ര ആഫീസിലേയ്ക്ക് അയച്ചുകൊടുക്കണം.

## XIII സണ്ടേസ്കൂൾ സമാജങ്ങൾ

112 ഓരോ ഇടവകയിലെയും സണ്ടേസ്കൂളുകൾ ആ ഇടവകയിലെ എല്ലാ ബാലികാബാലന്മാരെയും ഉൾക്കൊള്ളുന്നതിനാൽ ബാലികാബാലന്മാർക്കുള്ള സമാജങ്ങൾ സണ്ടേസ്കൂളിൻെറ നേതൃത്വത്തിൽ നടന്നുന്നത് ഉചിതമായിരിക്കും. തിരുബാലസഖ്യം, ജപാപ്പസ്തോല സഖ്യം, മരിയ സഖ്യം, സൊഡാലിററി, (C. L. C.) മിഷ്യൻ ലീഗ് തുടങ്ങിയവയിൽ അംഗങ്ങളായും സണ്ടേസ്കൂൾ കുട്ടികൾക്കും അദ്ധ്യാപകർക്കുംസ്വയ വിശുദ്ധീകരണവും പ്രേഷിത പ്രവരത്തനവും ചെയ്യാവുന്നതാണ്.

113 കലാസമിതികൾ

തിരുബാലസഖ്യവും ജപാപ്പസ്തോലസഖ്യ

വും മരിയസഖ്യവും നടത്തുന്ന മീററിംഗുകളിൽ വിശുദ്ധന്മാരുടെ ജീവചരിത്രം, ക്രിസ്തീയ സഭാ തത്വങ്ങൾ മുതലായവയെ പുരസ്കരിച്ച് ചർച്ചകൾ, ഉപന്യാസങ്ങൾ, ചെറുകഥകൾ, പദ്യപാരായണം, വേദവാക്യോച്ചാരണങ്ങൾ മുതലായവ ഉൾപ്പെടുത്തുന്നതു നന്നായിരിക്കും, നാടകം, നൃത്തം, സംഗീതം, കഥാപ്രസംഗം മുതലായ കലകൾ ക്രിസ്തീയാശയങ്ങൾ ഉൾക്കൊള്ളിച്ച് പോഷിപ്പിക്കത്തക്കവണ്ണം സമിതികൾ രൂപീകരിച്ചു നടത്തിക്കൊണ്ടു പോകുന്നതും അഭിനന്ദനാർഹമത്രെ.

114 **കായികവിനോദങ്ങൾ**

കായികമായും കുട്ടികൾക്കു പ്രോത്സാഹനങ്ങൾ നൽകേണ്ടതാണ്. സണ്ടേസ്കൂൾദിനം വാർഷികാഘോഷം മുതലായവയോടുകൂടി കായിക മത്സരങ്ങളും ഏർപ്പെടുത്താവുന്നതാണ്. വിജയികൾക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുന്നത് ഉത്തമമായിരിക്കും

## XIV സണ്ടേസ്കൂൾ ലൈബ്രറി

115 കുട്ടികളുടെയും അദ്ധ്യാപകരുടെയും മതപരമായ അറിവ് വർദ്ധിപ്പിക്കുന്നതിന് ലൈബ്രറികൾ നിലവിലില്ലാത്ത ഇടവകകളിൽ ലൈബ്രറി തുടങ്ങേണ്ടതാണ്.

116 എല്ലാ അദ്ധ്യാപകരും, അഞ്ചു മുതൽ ക്ലാസ്സുകളിലെ എല്ലാ വിദ്യാർത്ഥികളും ഈ ലൈബ്രറിയിൽ അംഗത്വമുള്ളവരായിരിക്കും.

117 ലൈബ്രറി പുസ്തകങ്ങളും കണക്കുകളും ഏററവും ഭംഗിയായി സൂക്ഷിക്കുന്നതിന്

malankaralibrary.com

അദ്ധ്യാപകരിൽ നിന്നും കഴിവുള്ള ഒരാളെ ലൈബ്രറിയൻ ആക്കണം.

118 ആനുകാലിക കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ, പത്രമാസികകൾ, ക്രിസ്തീയ ഗ്രന്ഥങ്ങൾ, സഭാചരിത്ര ഗ്രന്ഥങ്ങൾ, ക്രൈസ്തവ ജീവിതമൂല്യങ്ങളുള്ള നോവലുകൾ, ചെറുകഥകൾ, ബാലസാഹിത്യം സഞ്ചാരകഥകൾ മുതലായ നല്ല പുസ്തകങ്ങളുടെ ഒരു സമാഹാരമായിരിക്കണം ലൈബ്രറി.

119 സണ്ടേസ്കൂൾ ലൈബ്രറിക്ക് അനുയോജ്യമെന്ന് ഇടവകവികാരി അംഗീകരിക്കുന്ന പുസ്തകങ്ങൾ മാത്രമേ ലൈബ്രറിക്ക് എടുക്കാവൂ.

120 ലൈബ്രറിയുടെ ധനശേഖരണത്തിനു വേണ്ടി അംഗങ്ങളിൽ നിന്നും പ്രവേശനഫീസ്, മാസവരി മുതലായവയും ക്രിസ്തുമസ്സ് കരോളിൽ നിന്നും കിട്ടുന്ന തുകയുടെ ഒരു വിഹിതവും ഇടവക ജനങ്ങളിൽ നിന്ന് സംഭാവനകളും സ്വീകരിക്കാവുന്നതാണ്.

## XV സണ്ടേസ്കൂൾ ഫണ്ട്

### A രൂപതാ തലത്തിൽ

121 മതബോധന പ്രവർത്തനത്തിന് രൂപതയെ ധനപരമായി സഹായിക്കുന്നതിനുവേണ്ടി, സണ്ടേസ്കൂൾ ദിനത്തിൽ ഓരോ ഇടവകയിൽ നിന്നും പ്രത്യേക വ്യക്തികളിൽ നിന്നും പിരിവുകളാലും സംഭാവനകളാലും ലഭിക്കുന്ന തുകകൾ ചേർത്ത് രൂപതാ ലവലിൽ സണ്ടേസ്കൂൾ ഫണ്ട് ശേഖരിക്കാവുന്നതാണ്.

malankaralibrary.com

122 കുട്ടികൾക്ക് സമ്മാനങ്ങൾക്കായും പാഠപുസ്തകങ്ങൾ വിലകുറച്ച് വിതരണം ചെയ്യുന്നതിനായും അദ്ധ്യാപക സെമിനാറിനും പരീക്ഷാച്ചെലവുകൾക്കും മററും ഈ ഫണ്ടിൽ നിന്നും പണം വിനിയോഗിക്കാവുന്നതാണ്.

123 വർദ്ധിച്ചു വരുന്ന ചെലവനുസരിച്ച് ഫണ്ട് വർദ്ധിപ്പിക്കുന്നതിന് എല്ലാ ഇടവകകളുടെയും സണ്ടേസ്കൂളുകളുടെയും സഹകരണം ഉണ്ടാകേണ്ടതാണ്.

## B ഡിസ്ട്രിക്ട് തലത്തിൽ

124 ഒരു ഡിസ്ട്രിക്ടിലെ എല്ലാ ഇടവകകളിൽ നിന്നും വ്യക്തികളിൽ നിന്നും പിരിവുകളായും സംഭാവനകളായും ലഭിക്കുന്ന തുകകൾ ചേർത്ത് ഡിസ്ട്രിക്ട് ലവലിൽ ഫണ്ടുണ്ടാക്കാവുന്നതാണ്.

125 ഡിസ്ട്രിക്ട് സണ്ടേസ്കൂൾ വാർഷികം, കുട്ടികൾക്കുള്ള സമ്മാനങ്ങൾ, അദ്ധ്യാപക സെമിനാറുകൾ, അദ്ധ്യാപകർക്കുള്ള വിനോദയാത്രകൾ, സണ്ടേസ്കൂൾ ഇൻസ്പെക്ടർമാർ, Scrutiny officers എന്നിവരുടെ യാത്രച്ചെലവുകൾ മുതലായ സണ്ടേസ്കൂൾ ചെലവുകൾക്ക് ഈ ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

## C ഇടവക തലത്തിൽ

126 ഇടവകയുടെ മുഖ്യമായ കർത്തവ്യം മതബോധനമാകയാൽ ഇതിന് ആവശ്യമായ ചെലവുകൾ ഇടവകയുടെ വരുമാനത്തിൽ നിന്നും ആവശ്യാനുസരണം എടുക്കേണ്ടതാണ്.

malankaralibrary.com

127 കൂടാതെ പിരിവുകൾ നടത്തിയും വ്യക്തികളിൽ നിന്ന് സംഭാവനകൾ സ്വീകരിച്ചും ഇടവകയുടെ ഫണ്ട് വർദ്ധിപ്പിക്കാവുന്നതാണ്.

128 വിദ്യാർത്ഥികൾ ആഴ്ചതോറുമോ മാസംതോറുമോ നൽകുന്ന മാസവരി, നുള്ളരി, ആദ്യഫലങ്ങൾ, കൗതുകവസ്തുലേലം എന്നിവയിൽ നിന്നു ലഭിക്കുന്ന തുകകൾ, ക്രിസ്തുമസ് കരോളിനു ലഭിക്കുന്നതുകകൾ മുതലായവ ചേർത്ത് ഈ ഫണ്ട് വികസിപ്പിക്കാവുന്നതാണ്.

129 സണ്ടേസ്കൂൾ വാർഷികം, ക്ലാസ്സുകളിലേയ്ക്കുള്ള ഉപകരണങ്ങൾ, റിക്കാർഡുകൾ, സമ്മാനങ്ങൾ മുതലായവയ്ക്കുള്ള ചെലവുകൾ ഈ ഫണ്ടിൽ നിന്നും വിനിയോഗിക്കാവുന്നതാണ്.

## XVI ഭരണക്രമം

### A രക്ഷാധികാരി

130 തിരുവല്ലാ ഭദ്രാസനാദ്ധ്യക്ഷൻ.

### B മതബോധന ഡിറക്ടർ

131 ഭദ്രാസനത്തിലുള്ള മതബോധന കാര്യങ്ങൾ കേന്ദ്രതലത്തിൽ കൈകാര്യം ചെയ്യുന്നതിന് ഭദ്രാസന മതബോധന ഡിറക്ടറെ ഭദ്രാസനാദ്ധ്യക്ഷൻ നിയമിക്കുന്നു.

132 സണ്ടേസ്കൂൾ ഓർഗനൈസേഷൻ, സണ്ടേസ്കൂൾ രജിസ്റ്റേഴ്സ്, വാർഷികപ്പരീക്ഷ, കേന്ദ്രതലത്തിൽ വാർഷികക്യാമ്പുകൾ, മതാ

malankaralibrary.com

ദ്ധ്യാപക പരിശീലനം മുതലായവയുടെ ക്രമീകരണം മതബോധന ഡിറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നു.

## C മതബോധന സെക്രട്ടറി

133. രൂപതാ മതബോധന ഡിറക്ടറെ സഹായിക്കുന്നതിനായി മതബോധന സെക്രട്ടറിയെ രൂപതാദ്ധ്യക്ഷൻെറ അനുവാദപ്രകാരം ഡിറക്ടർ നിയമിക്കുന്നു.

134 മതബോധന റിപ്പോർട്ടുകൾ, മതബോധനം സംബന്ധമായ എഴുത്തുകുത്തുകൾ, ഓഫീസ് ജോലികൾ മുതലായവ ചെയ്ത് ഡിറക്ടറെ സഹായിക്കുന്നു.

### മുഴുവൻ സമയ മതബോധക പ്രവർത്തകർ

135 രൂപതയിലെ മതബോധന പ്രവർത്തനങ്ങൾക്ക് മുഴുവൻ സമയ ജോലിക്കാരായി രൂപതാദ്ധ്യക്ഷൻെറ അനുവാദത്തോടെ വേണ്ടത്ര ആളുകളെ മതബോധന ഡിറക്ടർ നിയമിക്കുന്നു.

## D മതബോധന രൂപതാ കമ്മറ്റികൾ

### 1. General committee

136 ഇതിലെ അംഗങ്ങൾ താഴെപ്പറയുന്നവരായിരിക്കും.

a ഡിസ്ട്രിക്റ്റ് വികാരിമാർ

b ഓരോ ഡിസ്ട്രിക്ടിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരു വൈദീകനും രണ്ടു മതാദ്ധ്യാപകരും (ഇവർ ഡിസ്ട്രിക്ടിലെ എല്ലാ ബി. വൈദീകരാലും മതാദ്ധ്യാപകരാലും കോ

വല ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം)

c രൂപതാ സെനററിലെ മതബോധന കമ്മററി അംഗങ്ങൾ

d രൂപതാ പാസ്ററൽ കൗൺസിലിലെ മതബോധന കമ്മററി അംഗങ്ങൾ

e രൂപതയിൽ പ്രവർത്തിക്കുന്ന സന്യാസ സന്യാസിനി സഭകളുടെ പ്രതിനിധികൾ

f മതബോധന ഡിറക്ടർ

g മതബോധന സെക്രട്ടറി

h ഫുറാൻെറ മതബോധന പ്രവർത്തകർ

137 രൂപതാ മതബോധന ജനറൽ കമ്മററിയുടെ കാലാവധി മൂന്നു വർഷമായിരിക്കും.

138 ആണ്ടിലൊരിക്കൽ, സണ്ടേസ്കൂൾ അദ്ധ്യയന വർഷത്തിൻെറ ആരംഭത്തോടുകൂടി ഈ കമ്മററി മതബോധന ഡിറക്ടർ വിളിച്ചു കൂട്ടേണ്ടതും തന്നാണ്ടത്തേയ്ക്ക് ആവശ്യമായ മതബോധന പ്രവർത്തനങ്ങൾ ആലോചിച്ച് തീരുമാനിക്കേണ്ടതുമാണ്. ഡി. വികാരിമാർ അതതു ഡിസ്ട്രിക്ടുകളുടെ മതബോധനസംബന്ധമായ റിപ്പോർട്ടുകൾ General committee യിൽ അവതരിപ്പിക്കണം.

139 ഡിസ്ട്രിക്ററുകളെ പ്രതിനിധീകരിച്ചു വരുന്ന ഇതിലെ അംഗങ്ങളുടെ യാത്രച്ചെലവുകൾ അതതു ഡിസ്ട്രിക്ടുകൾ വഹിക്കേണ്ടതാണ്. മററ് അംഗങ്ങളുടെ യാത്രച്ചെലവുകൾ കേന്ദ്രത്തിൽ നിന്നും വഹിക്കേണ്ടതാണ്.

malankaralibrary.com

140 General committee യ്ക്ക് കോറം ബാധകമല്ല.

## 2. Executive committee

141 ഈ കമ്മററിയിലുള്ള അംഗങ്ങളുടെ എണ്ണം പതിനൊന്ന്. ഇതിൽ അഞ്ചുപേരെ ജനറൽ കമ്മിററിയിൽ നിന്നും തെരഞ്ഞെടുക്കുന്നു. മൂന്നു പേരെ മതബോധന ഡിറക്ടർ നോമിനേററു ചെയ്യുന്നു. മതബോധന ഡിറക്ടറും സെക്രട്ടറിയും ഹൈറേഞ്ചിലെ മതബോധകരിൽ നിന്നും ഒരാളും ഇതിലെ അംഗങ്ങളായിരിക്കും.

142 ഈ കമ്മററിയുടെ കാലാവധി മൂന്നു കൊല്ലമായിരിക്കും.

143 സണ്ടേസ്കൂൾ അദ്ധ്യായന വർഷത്തിൽ ഓരോ ടേമിലും ഓരോ മീററിംഗ് വച്ച് ആണ്ടിൽ മൂന്നു മീററിംഗ് എങ്കിലും കൂടിയിരിക്കണം. ജനറൽ കമ്മററിയിലെ തീരുമാനങ്ങൾ Executive committee യുടെ സഹായത്തോടു കൂടി മതബോധന ഡിറക്ടർ പ്രാവർത്തികമാക്കാൻ ചുമതലപ്പെട്ടിരിക്കുന്നു. സണ്ടേസ്കൂൾ ദിനം, വാർഷികപ്പരീക്ഷയുടെ ചുമതല, സമ്മാനാർഹരെ തെരഞ്ഞെടുക്കൽ, Sunday school Examination Board–ന്റെ ചുമതലകൾ മുതലായവ Executive Committee–യിൽ നിക്ഷിപ്തമായിരിക്കുന്നു.

144 മതബോധന ഡിറക്ടർക്കു യുക്തമെന്നു തോന്നുമ്പോൾ General Committeeയും Executive Committeeയും വിളിച്ചു കൂട്ടുവാൻ അധികാരമുണ്ടായിരിക്കും. Executive കമ്മററിയുടെ കോറം ആറായി നിജപ്പെടുത്തുന്നു.

malankaralibrary.com

145 Executive Committeeയിൽ സ്ഥലംമാററം മൂലമോ രാജിമൂലമോ മറേറതെങ്കിലും കാരണത്താലോ ഏതെങ്കിലും സ്ഥാനം ഒഴിവാകുന്നപക്ഷം ആസ്ഥാനത്തേയ്ക്ക് അടുത്ത തെരഞ്ഞെടുപ്പുവരെ ഒരാളെ നോമിനേററു ചെയ്യുന്നതിന് നിലവിലുള്ള Executive Committeeക്ക് അധികാരമുണ്ടായിരിക്കും.

146 സണ്ടേസ്ക്കൂറം സംബന്ധമായ പരാതികഠം മതബോധന ഡിറക്ടറെ രേഖാമൂലം അറിയിക്കുകയും അദ്ദേഹം Executive Committeeയുമായി ആലോചിച്ച് തീരുമാനങ്ങഠം കൈക്കൊള്ളുകയും പരാതിക്കാരെ യഥാസമയം ആ വിവരം അറിയിക്കുകയും ചെയ്യണം. ഡിറക്ടരുടെ തീരുമാനം അന്തിമമായി കണക്കാക്കേണ്ടതാണ്.

147 Executive Committeeയിലെ അംഗങ്ങളുടെ യാത്രച്ചെലവുകഠം രൂപത, മതബോധന കേന്ദ്രത്തിൽനിന്നു വഹിക്കേണ്ടതാണ്.

# E. സണ്ടേസ്ക്കൂഠം ഡിസ്ട്രിക്ട് കമ്മററികഠം

## 1. ഡിസ്ട്രിക്ട് ജനറൽബോഡി

148 ഓരോ ഡിസ്ട്രിക്ടിലും ഡി. വികാരിയുടെ അദ്ധ്യക്ഷതയിൽ ഓരോ ജനറൽ ബോഡി പ്രവർത്തിക്കുന്നു.

149 ഡിസ്ട്രക്ടിലെ ഓരോ ഇടവകയിലേയും ബ. വികാരിമാരും സഹായപട്ടക്കാരും സണ്ടേസ്ക്കൂഠം ഹെഡ്മാസ്ററും അദ്ധ്യാപകരും ഈ ജനറൽബോഡി അംഗങ്ങളായിരിക്കും.

malankaralibrary.com

150 ജനറൽ ബോഡി വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും കൂടേണ്ടതാണ്.

151 ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് കമ്മററി തീരുമാനിക്കുന്നതനുസരിച്ച് ഒരു ദിവസത്തേയ്ക്കുള്ള പരിപാടികൾ ഇതിനുണ്ടായിരിക്കണം.

152 ഡി. എക്സിക്യൂട്ടീവ് കമ്മററി അംഗങ്ങൾ, രൂപതാപ്രതിനിധികൾ, ഡി. സണ്ടേസ്ക്കൂൾ സെക്രട്ടറി, സണ്ടേസ്ക്കൂൾ ഇൻസ്പെക്ടർമാർ എന്നിവരെ തെരഞ്ഞെടുക്കുന്നതിനും, സംഘടനയുടെ വരവുചെലവുകണക്കുകൾ ചർച്ചചെയ്യുന്നതിന് ആവശ്യമെന്നു തോന്നുന്ന മററവസരങ്ങളിലും, ഡി. വികാരിയുടെ ചുമതലയിൽ ഡി. ജനറൽബോഡി സമ്മേളിക്കേണ്ടതാണ്. ഇതിന് കോറം ഉണ്ടായിരിക്കുന്നതല്ല.

153 ഡി. ജനറൽബോഡി കൂടുമ്പോൾ പരിപാടികളിൽ വി. കുർബാന കാണുക, വി. കുർബാന സ്വീകരിക്കുക, മാതൃകാപാഠക്ലാസ്സുകൾ, പഠനക്കളരികൾ, സണ്ടേസ്ക്കൂൾ നടത്തിപ്പിനെക്കുറിച്ചുള്ള ചർച്ചകൾ മുതലായവ സമയവും സൗകര്യവും അനുസരിച്ച് ഉൾപ്പെടുത്താവുന്നതാണ്.

154 ഇതിലേയ്ക്കുള്ള ചെലവുകൾ ആനുപാതികമായി ഓരോ ഇടവകയിൽ നിന്നും വഹിക്കണം.

## 2. ഡിസ്ട്രിക്ട് എക്സിക്യൂട്ടീവ് കമ്മററി

155 ജനറൽബോഡിയിൽ നിന്നും ബ. വികാരിമാരും ഡി. സെക്രട്ടറിയും ഹെഡ്മാസ്ററർ

malankaralibrary.com

മാരും ഇൻസ്പെക്ടർമാരും ചേർന്ന് ഒരു Executive Committee രൂപം പ്രാപിക്കുന്നു.

156 ഈ എക്സക്യൂട്ടീവ് കമ്മററിയുടെ കൺവീനറും ഖജാൻജിയും സാധാരണയായി ഡി. വികാരി ആയിരിക്കും.

157 കൺവീനർ, ജനറൽബോഡിയോഗവും വാർഷികസമ്മേളനവും കൂടുന്നതിന് രണ്ടാഴ്ച മുമ്പെങ്കിലും എക്സിക്യൂട്ടീവ് കമ്മററി വിളിച്ചുകൂട്ടേണ്ടതും ജനറൽബോഡിയോഗത്തിന്റെ സ്ഥലവും തീയതിയും കാര്യപരിപാടിയും ചർച്ചചെയ്ത് തീരുമാനിക്കേണ്ടതും വിവരം ഡി. സെക്രട്ടറി വഴി എല്ലാ ഇടവകകളിലും അറിയിക്കേണ്ടതുമാണ്.

158 ഡി. തലത്തിലുള്ള സണ്ടേസ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളും— മത്സരപരീക്ഷകൾ, രൂപതാവാർഷിക പരീക്ഷയ്ക്ക് ഓരോ ഇടവകയിലേയ്ക്കും അയയ്ക്കേണ്ട Scrutiny Officers, വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസ്സുകൾനോക്കിമതബോധനകേന്ദ്രത്തിലേയ്ക്ക് അയയ്ക്കേണ്ട പേപ്പറുകളുടെ സെലക്ഷൻ വാർഷികാഘോഷം, അദ്ധ്യാപക സെമിനാറുകൾ, വിനോദയാത്രകൾ മുതലായവ—ഡി. എക്സികൂട്ടീവ് കമ്മററിയുടെ തീരുമാനപ്രകാരം നടത്തേണ്ടതാണ്,

159 ഡി. വികാരിക്ക് ( കൺവീനർ ) യുക്തമെന്നു തോന്നുമ്പോൾ ഡി. എക്സിക്യൂട്ടീവ് കമ്മററി വിളിച്ചുകൂട്ടുന്നതിന് അധികാരമുണ്ടായിരിക്കും.

160 ഡി. എക്സിക്യൂട്ടീവ് കമ്മററിയിൽ സ്ഥലംമാററം മൂലമോ, രാജിമൂലമോ മറേറതെങ്കി

malankaralibrary.com

ലും കാരണത്താലോ ഏതെങ്കിലും സ്ഥാനം ഒഴിവാകുന്നപക്ഷം ആ സ്ഥാനത്തേയ്ക്ക് ഒരാളെ നോമിനേററ് ചെയ്യുന്നതിന് നിലവിലുള്ള ഡി. എക്സിക്യൂട്ടീവ് കമ്മററിക്ക് അധികാരമുണ്ടായിരിക്കും.

161 ഡിസ്ട്രിക്ടിലുള്ള സണ്ടേസ്ക്കൂൾ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പരാതിതാം ഉണ്ടായാൽ അതു രേഖാമൂലം ഡി. വികാരിയെ അറിയിക്കുകയും അദ്ദേഹം ഡി. എക്സിക്യൂട്ടീവ് കമ്മററിയുമായി ആലോചിച്ച് പരിഹാരം കാണുവാൻ പരിശ്രമിക്കുകയും ചെയ്യണം. എന്നിട്ടും ഒരു നിഗമനത്തിൽ എത്തുവാൻ സാധിച്ചില്ലെങ്കിൽ ആ വിവരം രൂപതാ മതബോധന ഡിറക്ടറെ അറിയിക്കുകയും, അദ്ദേഹവും രൂപതാ എക്സിക്യൂട്ടീവ് കമ്മററിയും കൂടി ആലോചിച്ച് എടുക്കുന്ന തീരുമാനം പാലിക്കേണ്ടതുമാണ്.

162 ഈ കമ്മററി കൂടുന്നതിനുള്ള ചെലവുകൾ ഡി. സണ്ടേസ്ക്കൂൾ ഫണ്ടിൽനിന്നും എടുക്കേണ്ടതാണ്.

## F ഇടവക സണ്ടേസ്ക്കൂൾ നിർവഹക സമിതി

163 ഇടവകവികാരി, സഹായവൈദികൻ, ഹെഡ്മാസ്ററർ, അദ്ധ്യാപകർ, ഇടവകക്കൈക്കാരന്മാർ, വിദ്യാർത്ഥി പ്രതിനിധികൾ എന്നിവർ ചേർന്ന് ഈ നിർവ്വാഹക സമിതി രൂപം പ്രാപിക്കുന്നു.

164 സണ്ടേസ്ക്കൂൾ വാർഷികാഘോഷം, അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, സണ്ടേസ്ക്കൂളിന്റെവരവു ചെലവു കണക്കുകൾ, ധനാഗമമാർ

malankaralibrary.com

ഗ്ഗങ്ങൾ, കുട്ടികളെ സംബന്ധിച്ചുള്ള കാര്യങ്ങൾ മുതലായി ഇടവക സണ്ടേസ്ക്കൂൾ സംബന്ധമായ എല്ലാ കാര്യങ്ങളും പ്രാവർത്തികമാക്കുക ഈ സമിതിയുടെ ചുമതലയാണ്.

## G സണ്ടേസ്ക്കൂൾ ഇൻസ്പെക്ററർമാർ.

165 ഓരോ ഡിസ്ട്രിക്ടിലേയും സണ്ടേസ്ക്കൂളുകൾ കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നു പരിശോധിക്കുവാൻ രണ്ടോ മൂന്നോ ആളുകളെ ഇൻസ്പെക്ററർമാരായി ഡി. ലെവലിൽ നിയമിക്കേണ്ടതാണ്.

166 ഡി. സണ്ടേസ്ക്കൂൾ ജനറൽ ബോഡി കേവല ഭൂരിപക്ഷാടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്ന മതാദ്ധ്യാപകരായിരിക്കും സണ്ടേസ്ക്കൂൾ ഇൻസ്പെക്ററർമാർ. യോഗ്യതയും മതിപ്പും ഉള്ളവരും, പൊതുജനസമ്മതിയും, അദ്ധ്യാപന പരിചയവും, പക്വതയും ഉള്ളവരായിരിക്കണം സണ്ടേസ്ക്കൂൾ ഇൻസ്പെക്ടർമാർ.

167 ഇൻസ്പെക്ടർമാരെ തെരഞ്ഞെടുത്തു കഴിഞ്ഞാൽ അവരെ സംബന്ധിച്ചുള്ള പേരുവിവരം ഡി. വികാരി രൂപതാ മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

168 ഇൻസ്പെക്ടർമാർ ആണ്ടിൽ ഒരു പ്രാവശ്യമെങ്കിലും അവരവർക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന സണ്ടേസ്ക്കൂളുകൾ സന്ദർശിക്കുകയും ഡി. വികാരിക്ക് സന്ദർശനങ്ങളുടെ വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയും ഒരു കോപ്പി മതബോധന കേന്ദ്രത്തിലും എത്തിക്കണം. ഇൻസ്പെക്ടർമാർ പരിശോധിക്കുന്നതിനു ഒരാഴ്ച മുമ്പെങ്കിലും വിവരം ഇടവകവികാരിയെ അറിയിച്ചിരിക്കണം. ആവ

malankaralibrary.com

ശ്യമെങ്കിൽ അടിയന്തിരമായി സന്ദർശനങ്ങൾ നടത്താവുന്നതാണ്.

169 ക്ലാസ്സു പരിശോധനയ്ക്കുശേഷം മതാദ്ധ്യാപകരെ വിളിച്ചുകൂട്ടി സൃഷ്ടിപരമായ രീതിയിൽ അവർക്കുവേണ്ട നിർദ്ദേശങ്ങൾ നല്കുന്നതു യുക്തമായിരിക്കും.

170 ഇൻസ്പെക്ടർമാർ ഡി. വികാരിയുമായി ആലോചിച്ച് ആണ്ടിലൊരിക്കലെങ്കിലും അവരവരുടെ പ്രവർത്തന മേഖലയിൽ അദ്ധ്യാപക സെമിനാറുകൾ സംഘടിപ്പിക്കാവുന്നതാണ്.

171 ഇൻസ്പെക്ടർമാരുടെ ഔദ്യോഗിക കാര്യനിർവഹണത്തിന് വേണ്ടിവരുന്ന ചെലവുകൾ ഡി. സണ്ടേസ്ക്കൂൾ ഫണ്ടിൽ നിന്നും നൽകേണ്ടതാണ്.

## XVII ഭേദഗതികൾ

172 നിയമാവലിയിൽ എന്തെങ്കിലും മാററം വരുത്തുന്നതിനോ കൂട്ടിചേർക്കുന്നതിനോ കുറയ്ക്കുന്നതിനോ രൂപതാ സണ്ടേസ്ക്കൂൾ ജനറൽ കമ്മററിയുടെ മൊത്തം അംഗസംഖ്യയുടെ മൂന്നിൽ രണ്ടു ഭൂരിപക്ഷം ഉണ്ടായിരിക്കേണ്ടതാണ്.

173 ഈ ഭരണ ഘടനയുടെ വകുപ്പുകളിന്മേൽ വിശദീകരണം നൽകുന്നതിന് രൂപതാ മതബോധന ഡിറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

174 ഈ നിയമാവലി സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ മതബോധന ഡയറക്ടറോ രക്ഷാധികാരിയോ നൽകുന്ന തീരുമാനം അന്തിമ തീരുമാന മായിരിക്കും.

... ശുഭം...

malankaralibrary.com